പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1160 — 04/12/2014 ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ പാഠപുസ്തകങ്ങളും, യൂണിഫോമും വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ. കെ. ടി. ജലീൽ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഓണപ്പരീക്ഷാ കാലയളവിനുള്ളിൽ പോലും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും എല്ലാ പാഠപുസ്തകങ്ങളും, യൂണിഫോമും എത്തിക്കാൻ കഴിയാതിരുന്ന സാഹചര്യം എന്തായിരുന്നു ; വിശദമാക്കാമോ ; | (എ) | കെ.ബി.പി.എസ്സിന്റെ ഇൻഡന്റ് മാനേജ്മെന്റ് സിസ്റ്റം പ്രയോജനപ്പെടുത്തി ടി വെബ്സൈറ്റിൽ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ നിന്നും ഇൻഡന്റ് ചെയ്യുകയാണ് പതിവ്. ഓരോ സൊസൈറ്റിയുടേയും കീഴിൽ ഒന്നിൽ കൂടുതൽ സ്കൂളുകൾക്കുള്ള പുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന പ്രകാരം കെ.ബി.പി.എസ്സ്. പുസ്തകങ്ങൾ അച്ചടിച്ച് തപാൽ സംവിധാനം മുഖേന എത്തിക്കുന്നു. ഈ വർഷം പല സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ ഇൻഡന്റ് ചെയ്യുകയും ടൈറ്റിലുകൾ തെറ്റായി ചേർക്കുകയും വഴി ആവശ്യത്തിലധികം പുസ്തകങ്ങൾ ചില സ്കൂളുകൾ കൈപ്പറ്റി. കൂടാതെ തെറ്റായ ഇൻഡന്റ് ചെയ്ത ടൈറ്റിലുകൾ വരെ സ്കൂളുകളിൽ എത്തി. ഇപ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിനും അതിന്റെ 5% അധികവും അനുസരിച്ചുള്ള പുസ്തകങ്ങൾ സ്കൂളുകൾക്ക് മതിയാവാതെ വരുന്ന സ്ഥിതിഗതിയുണ്ടായി. എങ്കിലും കെ.ബി.പി.എസിന് അഡീഷണൽ പ്രിന്റ് ഓർഡർ നൽകി പുസ്തകം അച്ചടിച്ച് യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. |
| ബി) ഓണപ്പരീക്ഷയ്ക്ക് മുൻപ് ഏതെല്ലാം പാഠപുസ്തകങ്ങൾ എത്ര സ്കൂളുകളിൽ വിതരണം ചെയ്യാൻ ബാക്കി നിൽപുണ്ടായിരുന്നു ; ഇപ്പോൾ അവശേഷിക്കുന്നവ എത്ര ; | (ബി) | സ്കൂളുകൾ ആവശ്യത്തിലധികം സ്വീകരിച്ച പുസ്തകങ്ങൾ അതാത് വിദ്യാഭ്യാസ ആഫീസർമാരുടെ നിർദേശ പ്രകാരം കണക്കെടുക്കുകയും പുസ്തകങ്ങൾ ലഭിക്കാതെ വന്ന സ്കൂളുകൾക്ക് ഡിപ്പാർട്ട്മെന്റൽ സംവിധാനം ഉപയോഗിച്ച് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് പുനഃക്രമീകരിക്കുകയുമുണ്ടായി. ഇപ്രകാരം ഓണപ്പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ അതാത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ നൽകിയ പ്രകാരം പൂർണ്ണമായും ലഭ്യമാക്കിയിരുന്നു. |

| | |
|---|---|
| സി) സ്കൂൾ യൂണിഫോമുകൾ ഇനിയും വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നവ എത്ര ; | (സി) നവംബർ 30 ന് മുമ്പ് എല്ലാ സ്കൂളുകളിലും യൂണിഫോം വിതരണം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) പാഠപുസ്തകങ്ങൾ ഇല്ലാതെ ഓണപ്പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതായി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഡി) ഇൻഡന്റ് ചെയ്ത പ്രകാരമാണ് കെ.ബി.പി.എസ്. പുസ്തകങ്ങൾ തപാൽ സംവിധാനം മുഖേന എത്തിച്ചിരുന്നത്. ആവശ്യമായ പുസ്തകങ്ങളുടെ ടൈറ്റിലുകൾ എണ്ണത്തിനനുസരിച്ച് ഇൻഡന്റ് ചെയ്യാത്തവർക്ക്, ജില്ലയിൽ കൂടുതലായി ലഭിച്ച പുസ്തകങ്ങൾ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തിരം പുനഃക്രമീകരിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ